"ഭരണഭാഷാ-മാതൃഭാഷ"

**Urgent Action**

# വ്യാവസായിക പരിശീലന വകുപ്പ്
## (കേരള സംസ്ഥാനം)

എ5/40635/14.

KSHB ശാന്തി നഗർ,
തിരുവനന്തപുരം-1,
തീയതി: 27/08/2014.

ട്രെയിനിംഗ് ഡയറക്ടർ

സ്വീകർത്താവ്

എല്ലാ നോഡൽ ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്കും

സർ,

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - വകുപ്പിൽ ജോലി ചെയ്യുന്ന വിശ്വകർമ്മ സമുദായത്തിൽപ്പെട്ടവരെക്കുറിച്ചുള്ള വിവരശേഖരണം - സംബന്ധിച്ച്.

സൂചന:- 24.01.2014 ലെ സി.വി.സി/044/2014 നമ്പർ കത്ത്.

*******

വ്യാവസായിക പരിശീലന വകുപ്പിൽ ജോലി ചെയ്യുന്ന വിശ്വകർമ്മ സമുദായത്തിൽപ്പെട്ടവരുടെ വിവരങ്ങൾ നൽകണമെന്ന് സൂചന കത്ത് പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്. ആയതിനാൽ താങ്കളുടെ ജില്ലയിൽ വ്യാവസായിക പരിശീലന വകുപ്പിൻ കീഴിലുള്ള സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന വിശ്വകർമ്മസമുദായപ്പെട്ടവരുടെ വിവരങ്ങൾ ഇതോടൊപ്പം ഉൾക്കൊള്ളിച്ചിട്ടുള്ള സൂചന കത്തിനോടൊപ്പമുള്ള പട്ടികയിൽ തയ്യാറാക്കി അടിയന്തിരമായി ഈ കാര്യാലയത്തിൽ അയച്ചുതരേണ്ടതാണ്.

താങ്കളുടെ വിശ്വസ്തൻ,

ട്രെയിനിംഗ് ഡയറക്ടർക്കു വേണ്ടി

പകർപ്പ്:- വകുപ്പ് വെബ് സൈറ്റ്

R/27/8/14

40635

കേരള സർക്കാർ
# വിശ്വകർമ്മ സമുദായ കമ്മീഷൻ

ഈന്തുങ്കൽ, റ്റി.സി.24/2074(3), ഒന്നാംനില, പൗണ്ട് റോഡ്, പനവിള, തൈക്കാട് പി.ഒ., തിരുവനന്തപുരം-695 014. ഫോൺ: 0471-2321282, 8086529764, 9526041025 ഈ-മെയിൽ: viswakarmacommission@gmail.com

പി. എൻ. ശങ്കരൻ,
കമ്മീഷൻ

27 AUG 2014

No.: CVC/044/2014

24-January-2014

ഡയറക്ടർ ഓഫ് ട്രെയിനിംഗ്
വ്യവസായ പരിശീലന വകുപ്പ്
തൈക്കാട്.പി.ഒ,
തിരുവനന്തപുരം-പിൻ-695014

A

സർ,

വിഷയം : വിശ്വകർമ്മ സമുദായ കമ്മീഷൻ - **വ്യവസായ പരിശീലന** വകുപ്പിൽ ജോലി ചെയ്യുന്ന വിശ്വകർമ്മ സമുദായത്തിൽപ്പെട്ടവരെക്കുറിച്ചുള്ള വിവര ശേഖരണം - സംബന്ധിച്ച്.

പരാമർശം : 25/04/2013ലെ സ.ഉ. (എം.എസ് ) നമ്പർ 02/2013/പിന്നോക്ക സമുദായ വികസന വകുപ്പ്.

27/8/14

സൂചന സർക്കാർ ഉത്തരവുപ്രകാരം കേരളത്തിലെ വിശ്വകർമ്മ സമുദായത്തിൽപ്പെട്ടവരുടെ വിവിധ പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ എന്നെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. പഠനത്തിന്റെ ഭാഗമായി സർക്കാർ അംഗീകരിച്ചു നൽകിയ അഞ്ച് ടേംസ് ഓഫ് റഫറൻസ്, വിദ്യാഭ്യാസം, സാമൂഹ്യം, സാമ്പത്തികം, തൊഴിൽ, സാംസ്കാരികം എന്നീ വിഷയങ്ങളിലെ പിന്നോക്കാവസ്ഥ സംബന്ധിച്ചാണ്. ആയതിനാൽ വിവിധ സർക്കാർ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ഭരണഘടന സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ജോലി ചെയ്യുന്ന വിശ്വകർമ്മ സമുദായത്തിൽപ്പെട്ടവരുടെ എണ്ണം അത്യന്താപേക്ഷിതമാണ്. ടി സാഹചര്യത്തിൽ **വ്യവസായ പരിശീലന** വകുപ്പിൽ ജോലി ചെയ്യുന്ന വിശ്വകർമ സമുദായത്തിൽപ്പെട്ടവരുടെ ജില്ല തിരിച്ചുള്ള എണ്ണം ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്ന പട്ടികയിൽ അയച്ചുതരുവാൻ അഭ്യർഥിക്കുന്നു. **വ്യവസായ പരിശീലന** വകുപ്പിൽ നിന്നും മറ്റു വകുപ്പുകളിലേയ്ക്കോ, സ്ഥാപനങ്ങളിലേയ്ക്കോ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്നുണ്ടെങ്കിൽ അത് ഉൾപ്പെടുത്തുകയും മറ്റു വകുപ്പുകളിലേയോ, സ്ഥാപനങ്ങളിലേയോ ജീവനക്കാർ **വ്യവസായ പരിശീലന** വകുപ്പിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്നുണ്ടെങ്കിൽ അത് ഒഴിവാക്കേണ്ടതുമാണ്. ജീവനക്കാരുടെ എണ്ണം കണക്കാക്കുമ്പോൾ കരാറടിസ്ഥാനത്തിലോ, ദിവസക്കൂലിയടിസ്ഥാനത്തിലോ ജോലി ചെയ്യുന്നവരേയും ഉൾപ്പെടുത്തേണ്ടതാണ്. കമ്മീഷന് ചുരുങ്ങിയ സമയത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കേണ്ടതിനാൽ ആവശ്യപ്പെട്ട വിവരങ്ങൾ കഴിവതും വേഗത്തിൽ അയച്ചുതരുവാൻ താത്പര്യപ്പെടുന്നു.

സൂചന സർക്കാർ ഉത്തരവിന്റെ പകർപ്പും വിവരങ്ങൾ നൽകുന്നതിനുള്ള പട്ടികയുടെ മാതൃകയും ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. മേൽ സൂചിപ്പിച്ച വിവരം നൽകുന്നതിനായി മറ്റു ജില്ലകളിലെ ഓഫീസുമായും, സ്ഥാപനങ്ങളുമായും ബന്ധപ്പെടുവാൻ ഒരിക്കൽ കൂടി അഭ്യർഥിക്കുന്നു.

വിശ്വസ്തതയോടെ

**വിശ്വകർമ്മ സമുദായ കമ്മീഷൻ.**

## വ്യവസായ പരിശീലന വകുപ്പിൽ ജോലി ചെയ്യുന്ന വിശ്വകർമ്മ സമുദായത്തിൽപ്പെട്ട ജീവനക്കാരുടെ ജില്ല തിരിച്ചുള്ള എണ്ണം

| ക്രമ നമ്പർ | ജില്ലകൾ | അഡീഷണൽ ഡയറക്ടറോ/തത്തുല്യമായ പദവിയിലോ ഉള്ളവർ | | മറ്റ് ഗസറ്റഡ് പദവി തസ്തികയിൽ ഉള്ളവരോ/ തത്തുല്യമായ പദവിയിലോ ഉള്ളവർ | | നോൺ-ഗസറ്റഡ് പദവിയിലുള്ളവർ(പ്യൂൺ സ്വീപ്പർ വരെ ഉള്ളവർ ഉൾപ്പെടെ) | |
|---|---|---|---|---|---|---|---|
| | | ആകെ എണ്ണം | വിശ്വ കർമ്മജരുടെ എണ്ണം | ആകെ എണ്ണം | വിശ്വ കർമ്മജരുടെ എണ്ണം | ആകെ എണ്ണം | വിശ്വ കർമ്മജരുടെ എണ്ണം |
| 1. | തിരുവനന്തപുരം | | | | | | |
| 2. | കൊല്ലം | | | | | | |
| 3. | പത്തനംതിട്ട | | | | | | |
| 4. | ആലപ്പുഴ | | | | | | |
| 5. | കോട്ടയം | | | | | | |
| 6. | ഇടുക്കി | | | | | | |
| 7. | എറണാകുളം | | | | | | |
| 8. | തൃശ്ശൂർ | | | | | | |
| 9. | പാലക്കാട് | | | | | | |
| 10 | മലപ്പുറം | | | | | | |
| 11. | കോഴിക്കോട് | | | | | | |
| 12. | വയനാട് | | | | | | |
| 13. | കണ്ണൂർ | | | | | | |
| 14 | കാസർഗോഡ് | | | | | | |

സ്ഥലം :

തീയതി :

വ്യവസായ പരിശീലന വകുപ്പ് ഡയറക്ടർക്കുവേണ്ടി